**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5247

27-06-2019 ൽ മറുപടിയ്ക്ക്

# വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിലെ സാമൂഹിക പ്രതിബദ്ധത പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണം നടത്തുന്ന അദാനി ഗ്രൂപ്പ് നടപ്പിലാക്കുന്ന സാമൂഹിക പ്രതിബദ്ധത പാക്കേജിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ ; | (എ) പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതപ്രദേശത്ത് അടിസ്ഥാന സൗകര്യവികസനം, പൊതുജനാരോഗ്യം, സുസ്ഥിര വികസനം, തൊഴിൽ, നൈപുണ്യ പരിശീലനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലാണ് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. നാളിതുവരെ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതിന്റെ ഭാഗമായി വിഴിഞ്ഞം വലിയ കടപ്പുറത്ത് ആധുനിക മത്സ്യബന്ധന തുറമുഖ നിർമ്മാണം ഏത് ഘട്ടത്തിലാണ് ; | (ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോട് ചേർന്ന് വലിയ കടപ്പുറം ഭാഗത്ത് ഒരു ആധുനിക മത്സ്യബന്ധന തുറമുഖം സർക്കാർ ചെലവിൽ നിർമ്മിക്കുന്നതിനുള്ള ചുമതല അദാനി കമ്പനിക്ക് നൽകിയിട്ടുണ്ട്. 500 മീറ്റർ നീളമുള്ള ഫിഷ് ലാന്റിംഗ് ബെർത്ത്, ലേല ഹാൾ, ലോക്കർ റൂം, നെറ്റ് മെന്റിംങ് ഷെഡ് തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യബന്ധന തുറമുഖമാണ് വിഭാവനം ചെയ്തിട്ടുള്ളത്. അന്താരാഷ്ട്ര തുറമുഖത്തിന്റെ പൂർത്തീകരണത്തോടു കൂടിതന്നെയാണ് മത്സ്യബന്ധന തുറമുഖത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കേണ്ടത്. എന്നാൽ കരാർ പ്രകാരം മത്സ്യബന്ധന തുറമുഖ വികസനത്തിനായി അദാനി കമ്പനിക്ക് കൈമാറിയ ഭൂമിയിൽ പദ്ധതി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ ബോട്ടുകൾ കയറ്റി വച്ചിരിക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് പരിഹരിച്ച് മത്സ്യബന്ധന തുറമുഖ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഈ പാക്കേജിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ? | (സി) അദാനി ഗ്രൂപ്പ് നടപ്പിലാക്കുന്ന സാമൂഹിക പ്രതിബദ്ധത പാക്കേജിൽ മത്സ്യതൊഴിലാളികളുടെ നഷ്ടപരിഹാരം ഉൾപ്പെടുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെടുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നത് സർക്കാരാണ്. നാളിതുവരെ ചിപ്പി/ലോബ്സ്റ്റർ, കരമടി, റിസോർട്ട് തൊഴിലാളികൾ, സ്വയം സഹായ സംഘങ്ങൾ, സൗജന്യ മണ്ണെണ്ണ വിതരണം എന്നീ വകയിൽ ജീവനോപാധി നഷ്ടപരിഹാരം എന്ന നിലയിൽ 2574 പേർക്ക് ഏകദേശം 81 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഗുണഭോക്താക്കളെ കണ്ടെത്തി നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ (PIU) ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അടിസ്ഥാനസൗകര്യവികസനം

- മുല്ലൂർ ഗവ: യു. പി. സ്കൂളിലും ഹാർബർ ഏര്യാ എൽ. പി. സ്കൂളിലും 10 ക്ലാസ് മുറികൾ വീതമുള്ള ഇരുനിലസ്കൂൾ മന്ദിരങ്ങൾ നിർമ്മിച്ചു നൽകി.
- കോട്ടപ്പുറം സെൻറ്. മേരീസ് ഹയർസെക്കണ്ടറി സ്കൂളിന് ബാസ്കറ്റ്ബോൾ, ഫുട്ബോൾ, വോളിബോൾ എന്നിവ അടങ്ങിയ സ്കൂൾ പ്ലേ ഗ്രൗണ്ട് വികസിപ്പിച്ചു നൽകി.
- വിഴിഞ്ഞം കമ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് 100 കിടക്കകളുള്ള താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിലേക്ക് 3 കോടി രൂപ വകയിരുത്തുകയും ആദ്യ ഗഡുവായി 1.18 കോടി രൂപം കൈമാറുകയും ചെയ്തു.
- ഗവ: അയ്യൻകാളി സ്കൂൾ, വിഴിഞ്ഞം ഹാർബർ, വലിയ കടപ്പുറം, കോട്ടപ്പുറം ഓസാവിള എന്നിവിടങ്ങളിൽ ആകെ 54 ടോയ്ലറ്റ്, ബാത്ത്റൂം, യൂറിനൽ, ബാത്തിംഗ് ഫെസിലിറ്റി തുടങ്ങിയവ നിർമ്മിച്ചു നൽകി.
- കോട്ടപ്പുറം മരിയൻനഗർ പൊതുകുളി സ്ഥലം നവീകരിച്ച് ഉപയോഗയോഗ്യമാക്കി.
- വിഴിഞ്ഞം, ഹാർബർ, കോട്ടപ്പുറം വാർഡുകളിൽ മാലിന്യ സംസ്കരണത്തിനായി ആകെ 26 തുമ്പൂർമുഴി എയ്റോബിക്ക് ബിന്നുകൾ നിർമ്മിച്ചു നൽകി.
- വിഴിഞ്ഞം വാർഡിൽ ആസാദ് ഗ്രന്ഥശാല നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു
- വിഴിഞ്ഞം മേഖലയിലെ അംഗൻവാടികൾക്ക് വാട്ടർ പ്യൂരിഫയറുകളും കസേരകളും ലഭ്യമാക്കി.
- കോട്ടപ്പുറം വാർഡിൽ മരിയൻ നഗർ പ്രദേശത്ത് ഓട നിർമ്മിച്ചു നൽകി.

## തൊഴിൽ നൈപുണ്യവികസനവും, സുസ്ഥിര ഉപജീവനവികസനവും.

- പദ്ധതി പ്രദേശത്തെ 600 സ്ത്രീകൾക്ക് നൽകിയ സ്വയംതൊഴിൽ പരിശീലനങ്ങളിൽ നിന്ന് 17 ഗ്രൂപ്പ് സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു.
- സ്വയം തൊഴിൽ ഗ്രൂപ്പുകൾക്കാവശ്യമായ പരിശീലനവും, പ്രോജക്ട് കോസ്റ്റിന്റെ 25% തുക അദാനി സി. എസ്. ആറിൽ നിന്നും 25% തുക വിഴിഞ്ഞം തുറമുഖ കമ്പനിയിൽ നിന്നും 40% തുക ബാങ്ക് ലോണായും 10% തുക ഗുണഭോക്തൃവിഹിതവുമായാണ് കണ്ടെത്തുന്നത്.
- തൊഴിൽ നൈപുണ്യ പരിശീലനങ്ങളുടെ ഭാഗമായി നാളിതുവരെ 554 യുവതിയുവാക്കൾക്ക് പരിശീലനം നൽകുകയും വിവിധ മേഖലകളിലായി 234 പേർ തൊഴിലിലേർപ്പെട്ട് വരുകയും ചെയ്യുന്നു.

## പൊതുജനാരോഗ്യം

- പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു മെഡിക്കൽ ടീം സൗജന്യ മരുന്നും ചികിത്സയും നൽകി കൊണ്ട് പ്രവർത്തിച്ചു വരുന്നു. നാളിതുവരെ 23732 പേർക്ക് ഈ യൂണിറ്റിന്റെ സേവനം ലഭ്യമായിട്ടുണ്ട്. കൂടാതെ ക്യാൻസർ, നേത്രരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ തുടങ്ങിയവയ്ക്ക് സ്പെഷ്യലൈസ്ഡ് മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു.

- പദ്ധതി ബാധിത പ്രദേശത്തെ 49 അംഗൻവാടികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്ന 'സുപോഷൺ' പദ്ധതിയുടെ ഭാഗമായി പോഷണശോഷണം നേരിടുന്ന 268 കുട്ടികളുടെ പോഷണശോഷണവും ആയിരത്തിലധികം സ്ത്രീകളുടെ വിളർച്ചയും തടയുവാനും നിരവധി ആരോഗ്യബോധവത്ക്കരണ പരിപാടികൾ നടത്തുവാനും കഴിഞ്ഞു.
- മാലിന്യസംസ്കരണ സ്വഭാവരൂപീകരണ പരിശീലനങ്ങളുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് തിരുവനന്തപുരം ജില്ലയിലെ 130 സ്കൂളുകളിൽ 'സ്വച്ഛാഗ്രഹ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു
- മാലിന്യസംസ്കരണ/ആരോഗ്യപ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്ത് ബോധവത്ക്കരണം, അടുക്കളതോട്ടങ്ങൾ എന്നിവയും പ്രോത്സാഹിപ്പിച്ചു വരുന്നു.

**<u>വിദ്യാഭ്യാസം</u>**

- സമർത്ഥരായ 100 വിദ്യാർത്ഥികൾക്ക് എല്ലാവർഷവും 10,000/- രൂപാ വീതം വിദ്യാഭ്യാസസ്കോളർഷിപ്പ് നൽകി വരുന്നു.
- ഇംഗ്ലീഷ് ഭാഷാ പരിശീലനം, കരിയർ ഗൈഡൻസ്, ഓപ്പൺഹൗസ്, ലിറ്ററേച്ചർ മീറ്റ് എന്നിവയിലൂടെ പ്രതിമാസം ആയിരത്തിലധികം കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.
- വീട്ടമ്മമാരെ ഡിജിറ്റൽ സേവനങ്ങൾ പരിചയപ്പെടുത്തുന്ന പരിശീലനങ്ങളുടെ ഭാഗമായി പ്രതിവർഷം 1200 പേർക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലനങ്ങൾ നൽകുകയും ടെലിഫോൺ, കറണ്ട്, വെള്ളം തുടങ്ങിയവയുടെ ബിൽപേയ്മെൻറുകളും ബാങ്കിംഗ് സേവനങ്ങളും ഓൺലൈനായി ചെയ്യുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു.
- സ്മാർട്ട് ക്ലാസ് റൂമുകളായി ഉപയുക്തമാക്കാൻ കഴിയുന്ന രീതിയിൽ പദ്ധതി പ്രദേശത്തെ 9 സർക്കാർ വിദ്യാലയങ്ങളിലും 5 എയ്ഡഡ് സ്കൂളുകളിലും ഉൾപ്പെടെ 14 വിദ്യാലയങ്ങൾക്ക് സ്മാർട്ട് ക്ലാസ്സും ഉപകരണങ്ങൾ നൽകുകയും ടീച്ചേഴ്സിന് പരിശീലനം നൽകുകയും ചെയ്തു.

**<u>മറ്റുപ്രവർത്തനങ്ങൾ</u>**

- ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ദുരന്തദിനങ്ങളിൽ വിഴിഞ്ഞം, അടിമലത്തുറ പ്രദേശങ്ങളിൽ ഭക്ഷണവും വെള്ളവുമെത്തിക്കാനും മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കാനും കഴിഞ്ഞു. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് രണ്ടരക്കോടി രൂപ സംഭാവന നൽകുകയും ചെയ്തു.
- പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ഭക്ഷണവസ്തുകിറ്റുകൾ നൽകുകയും തുടർച്ചയായി 10 ദിവസങ്ങളിൽ മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു. പ്രളയാനന്തരം ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശങ്ങളിൽ തുടർച്ചയായി ക്ലീനിംഗ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 25 കോടി രൂപ നൽകുകയും ചെയ്തു.

അടിസ്ഥാനസൗകര്യ വികസനപദ്ധതികളുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം താഴെപ്പറയുന്ന പദ്ധതികൾക്ക് തുടക്കം കുറിക്കും

- കോട്ടപ്പുറം മരിയൻനഗർ കേന്ദ്രമാക്കി ഒരു പാലിയേറ്റീവ് കെയർ സെൻറർ
- അഞ്ചു വാർഡുകളിലും തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഓരോ കമ്മ്യൂണിറ്റി സിറ്റിംഗ് സ്പേസുകൾ.
- വിഴിഞ്ഞം കേന്ദ്രമാക്കി ഒരു മോഡൽ അംഗൻവാടിയും 15 അംഗൻവാടികൾക്ക് കറണ്ടും വെള്ളവും.

- സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളെ ബാലസൗഹൃദമാക്കൽ.
- കമ്മ്യൂണിറ്റി റിസോഴ്സ് സെൻറർ.
- ഗവൺമെന്റ് വിഴിഞ്ഞം കേന്ദ്രമാക്കി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നടത്തിപ്പ്.
- കോട്ടപ്പുറം വാർഡിൽ മരിയൻനഗർ - കരിമ്പൊഴിക്കര മേഖലയിൽ താമസിക്കുന്ന 39 വീട്ടുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഡ്രെയ്നേജ് സംവിധാനം

**സെക്ഷൻ ഓഫീസർ**